ഉത്തരം

(എ) കൊട്ടാരക്കര നഗരസഭയ്ക്ക് ചുവടെ കൊടുത്തിരിക്കുംപ്രകാരമുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ട് :

(ലക്ഷം രൂപയിൽ)

ജനറൽ പർപ്പസ് ഫണ്ട്	21,95,001
റോഡ് സംരക്ഷണ ഫണ്ട്	30,71,666
റോഡിതര സംരക്ഷണ ഫണ്ട്	10,41,000
വികസന ഫണ്ട് (പൊതു വിഭാഗം)	26,71,886
വികസന ഫണ്ട് (എസ്.സി.പി.)	24,59,666
വികസന ഫണ്ട് (ടി.എസ്.പി.)	27,000
ലോകബാങ്ക് സഹായം	3,38,078
ആകെ	1,18,04,297

(ബി) പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളിൽ നിലവിലുണ്ടായിരുന്ന പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരെ നഗരകാര്യ വകുപ്പിൽ നിന്നും പകരം സംവിധാനം ഏർപ്പെടുത്തുന്നതുവരെ താൽക്കാലികമായി നിലനിർത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ തസ്തിക സൃഷ്ടിക്കുന്ന നടപടിക്രമങ്ങൾ സർക്കാർ തലത്തിൽ പുരോഗമിച്ചുവരുന്നു.

മാലിന്യമുക്ത കേരളം പദ്ധതി

134 (1508) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റയുടനെ 2011-12-ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട മാലിന്യമുക്ത കേരളം പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം പരിപാടികളാണ് ഈ പദ്ധതിയുടെ കീഴിൽ നടപ്പാക്കപ്പെട്ടിട്ടുള്ളത് എന്നറിയിക്കാമോ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി എന്ത് തുകയാണ് ഓരോ വർഷവും അനുവദിക്കപ്പെട്ടിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അതിൽ എത്ര തുക ഓരോ വർഷവും ചെലവഴിക്കപ്പെട്ടുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2011-12 മാലിന്യമുക്ത കേരളം

(എ) ഖരമാലിന്യ പരിപാലനം.

1. നിലവിലുള്ള ഖരമാലിന്യ പരിപാലന സംവിധാനങ്ങളുടെ പുനരുദ്ധാരണം.

2. നിലവിലുള്ള ഖരമാലിന്യ നിക്ഷേപ കേന്ദ്രങ്ങളുടെ പ്രശ്ന പരിഹാരം.

3. റിസോഴ്സ് റിക്കവറി സെന്ററുകൾ (RRC) സ്ഥാപിക്കുന്നതിനുള്ള സഹായം.

(ബി) ദ്രവമാലിന്യ പരിപാലനം മാതൃക ദ്രവമാലിന്യ സംസ്കരണ പ്ലാന്റ്.

(സി) മാലിന്യമുക്ത കേരളം കർമ്മ പദ്ധതി മാലിന്യമുക്ത കേരളം വിവര വിജ്ഞാന വ്യാപന പരിപാടി.

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി ഓരോ വർഷവും അനുവദിക്കപ്പെട്ട തുകയുടെ വിവരം ചുവടെപ്പറയുന്നു:

2011-2012	-	5544.00 ലക്ഷം
2012-2013	-	6550.00 ലക്ഷം
2013-2014	-	1838.80 ലക്ഷം
2014-2015	-	1379.54 ലക്ഷം
2015-2016	-	500.00 ലക്ഷം

(ഡി) ഓരോ വർഷവും അനുവദിക്കപ്പെട്ടതിൽ നിന്നും ചെലവഴിച്ച തുകയുടെ വിവരം ചുവടെപ്പറയുന്നു:

2011-2012	-	5410.00 ലക്ഷം
2012-2013	-	5175.00 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

2013-2014	-	1724.30 ലക്ഷം
2014-2015	-	1838.80 ലക്ഷം
2015-2016	-	133.81 ലക്ഷം

പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ്

135 (1509) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ സഹായത്തോടെ ഒരു വൻകിട പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതാണെന്ന 2012-2013-ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കിയോ;

(ബി) ഈ പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് എവിടെയാണ് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്;

(സി) ഇങ്ങനെ ഷ്രഡ് ചെയ്ത പ്ലാസ്റ്റിക്കുകൊണ്ട് റോഡ് ടാറിംഗ് നടത്താൻ ആരംഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

മുനിസിപ്പൽ പ്രദേശങ്ങളിലെ റോഡുകളുടെ നവീകരണം

136 (1510) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ പ്രദേശങ്ങളിലെ ഗതാഗതയോഗ്യമല്ലാതായിത്തീർന്ന റോഡുകളുടെ നവീകരണത്തിന് നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി ഏതെല്ലാം പദ്ധതികളിൽ നിന്നും ഏതെല്ലാം വകുപ്പുകളിൽ നിന്നും തുക അനുവദിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(സി) മുനിസിപ്പൽ പ്രദേശങ്ങളിലെ ഗതാഗതയോഗ്യമല്ലാതായിത്തീർന്ന റോഡുകളുടെ നവീകരണത്തിന് എം.എൽ.എ.മാരുടെ പ്രത്യേക വികസന ഫണ്ടും ആസ്തി വികസന ഫണ്ടും വിനിയോഗിക്കുന്നതിനെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly